"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ LDV ഡ്രൈവർ തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.1628/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം. 09/09/2020

---

പരാമർശം:- 1 സ.ഉ(സാധാ)നം. 1022/2018/തസ്വഭവ തീയതി 10.04.2018.

2 ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05.03.2019 ലെ OA(EKM)422/19 നം. ഉത്തരവ്

3 സ.ഉ(സാധാ) നം. 338/2019/തസ്വഭവ തീയതി 16.02.2019.

<u>ഉത്തരവ്</u>

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കോഴിക്കോട് ജില്ലയിലെ Driver Grade II (LDV) തസ്തികയിലെ നിയമനത്തിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളായ ശ്രീ. വിപിൻ.വി.പി യും മറ്റ് 8 പേരും ചേർന്ന് ഫയൽ ചെയ്തിരുന്ന OA(EKM)422/19 ഹർജിയിൽ അനക്ഷർ A6 സർക്കാർ ഉത്തരവിലെയും അനക്ഷർ A7 ഉത്തരവിലെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ അനക്ഷർ A5 നിവേദനം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് പരാമർശം (2) പ്രകാരം ബഹു. ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചു.

2. കോഴിക്കോട് ജില്ലയിലെ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയിൽ താൽക്കാലിക ഡ്രൈവർമാർ ജോലി ചെയ്യുന്നതായും കോഴിക്കോട് ജില്ലയിലെ വിവിധ വകുപ്പിലെ തസ്തിക ഇല്ലാത്ത സർക്കാർ വാഹനങ്ങളുടെ മൊത്തം കണക്കെടുത്ത് തസ്തിക ഇല്ലാത്ത വാഹനങ്ങൾക്ക് തസ്തിക അനുവദിക്കണമെന്ന് അപേക്ഷിച്ച് ശ്രീ. വിപിൻ.വി.പി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 23.04.2018 ലെ നിവേദനമാണ് അനക്ഷർ എ5. കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ച് ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ടി ഫയൽ ചെയ്തിരുന്ന OA (EKM) 3059/2017 നം. ഹർജിയിലെ ഉത്തരവിലെ നിർദേശപ്രകാരം കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ LDV ഡ്രൈവർ ഗ്രേഡ്-II തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി പുറപ്പെടുവിച്ചിരുന്ന പരാമർ ശം ( 1 ) ലെ ഉത്തരവാണ് അനക്ഷർ എ6. കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി ടി ഉദ്യോഗാർത്ഥികൾ വീണ്ടും ഫയൽ ചെയ്ത OA (EKM) 222/2019 നം. ഹർജിയിലെ 28.01.2019 ല ഉത്തരവാണ് അനക്ഷർ എ7.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. OA (EKM) 3059/2017 നം. ഹർജിയിലെ ഉത്തരവിലെ നിർദേശപ്രകാരം പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ LDV ഡ്രൈവർ ഗ്രേഡ്-II തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതിനാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ചിരുന്ന വ്യത്യസ്ത ഹർജികളിൻമേലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കണമെന്ന ഹർജിക്കാരുടെ ആവശ്യം നിരസിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും സമാനമായ ആവശ്യം ഉന്നയിച്ച് എറണാകുളം, കൊല്ലം. പാലക്കാട്, തൃശ്ശൂർ. പത്തനംതിട്ട. ഇടുക്കി മുതലായ വിവധ ജില്ലകളിൽ നിന്നുമുള്ള അപേക്ഷകളും അപ്രകാരം നിരസിച്ച് സർ ക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ കാസർഗേഡ് ജില്ലയിലെ തസ്തികാനുവാദം സംബന്ധിച്ച ശിപാർശയിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം സാധിക്കുകയില്ല എന്ന് കണ്ടെത്തി

പ്രൊപ്പോസൽ നിരസിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലും ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം സാധിക്കുകയില്ല.

5. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ ഡ്രൈവർ തസ്തിക ഇല്ലാത്ത പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക അനുവദിക്കണമെന്ന അനക്സർ എ5 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (2) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം(ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

ശ്രീ. വിപിൻ. വി.പി, മിരുണാപ്പുരത്ത് ഹൗസ്, മറ്റനാട്. പി.ഒ, കോഴിക്കോട് - 673527

ശ്രീ. ഷിബു തോമസ്, നെയിശ്ശേരിതൊടിയിൽ ഹൗസ്, പൂഴപ്പാടി. പി.ഒ. എങ്ങടുഴ, കോഴിക്കോട് - 673527

ശ്രീ. ഷിജിത്. വി.കെ, വില്ലമ്പാറ, മാർത്തോങ്കര, മറുഡോങ്കര വടകര, കോഴിക്കോട് - 673513

ശ്രീ. മുരളീധരൻ. എ.എം, പടിഞ്ഞാറയിൽ ഹൗസ്, മുകേരി. പി.ഒ, കക്കാട്ടിൽ വഴി, കോഴിക്കോട് - 673507

ശ്രീ. സതീശൻ. പി.എം, ഒറ്റപിലാവുള്ളതിൽ ഹൗസ്, തിയാരക്കര. പി.ഒ, വടകര - 673105

ശ്രീ. ജിതേഷ്. വി.ബി, വളരിക്കണ്ടി ഹൗസ്, കുരച്ചുണ്ട്. പി.ഒ, പത്തിയിൽ, കോഴിക്കോട് - 673527

ശ്രീ. സുധീഷ്. സി.പി, ചെറിയ പുതുക്കുടി ഹൗസ്, ഉരുത്തിയാട് പോസ്റ്റ്, ബാലുശ്ശേരി വഴി, കോഴിക്കോട് - 673612

ശ്രീ. സജീന്ദ്രൻ. സി.കെ. ചെറിയ കയ്യാല താഴകനിയിൽ(ലയം).ചെമ്മരത്തൂർ. പി.ഒ. വടകര (വഴി). പിൻ - 673 104

ശ്രീ. ശ്രീകേഷ്. എം.കെ, മുരിക്കനകന്നുമ്മൽ ഹൗസ്. ഇയ്യാട്. പി.ഒ. ഉണ്ണികുളം(വഴി), കോഴിക്കോട് - 673574

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ. ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ& പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/68/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ